**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **10-10-2024 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷാ കേരളയിലെ റിസോഴ്സ് അധ്യാപകരുടെ ശമ്പളം വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എസ്.എസ്.കെ. യിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന റിസോഴ്സ് അധ്യാപകരുടെ ശമ്പള വർദ്ധനവിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ്. എല്ലാ വർഷവും സമഗ്ര ശിക്ഷാ കേരളം പ്രോജക്ട് പ്രൊപ്പോസലിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടാറുണ്ട്. 2025-26 വർഷത്തെ സംസ്ഥാന പ്രോജക്ട് പ്രൊപ്പോസലിലും സ്പെഷ്യൽ എഡ്യൂക്കേറ്റർ മാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്. |
| (ബി) | പ്രസ്തുത അധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് അനുയോജ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | റിട്ട് ഹർജി 132/2016 & 876/2017 എന്നിവയിന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 28.10.2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഒരു ഉന്നതതല സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവ് (സാധാ) നം. 4461/2024/പൊവിവ. തീയതി 18.07.2024പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ശ്രീ.രജനീഷ് കുമാർ പാണ്ഡെ മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.132/2016, 876/2017 എന്നിവയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഉന്നതതല സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.4461/2024/GEDN തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:-

1. റിട്ട് ഹർജി 132/2016, 876/2017 എന്നിവയിന്മേലുള്ള ബഹു.സുപ്രീം കോടതിയുടെ 28.10.2021-ലെ വിധിന്യായവും തുടർന്നുള്ള ഉത്തരവുകളും.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.09.2023 തീയതിയിലെ ഐഇഡി/331403/2021/ഡിജിഇ നമ്പർ കത്ത്.
3. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 05.06.2024-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

വിവിധ സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.രജനീഷ് കുമാർ പാണ്ഡെ മുതൽപേർ ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 132/2016, 876/2017 എന്നിവയിന്മേലുള്ള പരാമർശം (1) ഉത്തരവുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്പഷ്ടീകരണം തേടുകയുണ്ടായി. ടി വിഷയം പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം ചേർന്ന യോഗം ബഹു.സുപ്രീം കോടതി ഉത്തരവ് മറ്റ് സംസ്ഥാനങ്ങളിൽ എപ്രകാരം നടപ്പിലാക്കുന്നു എന്നതിനെക്കുറിച്ചും സംസ്ഥാനത്ത് നിലവിൽ തുടർന്നുവരുന്ന രീതികൾ പരിശോധിച്ച് ഏതൊക്കെ രീതികൾ സ്വീകരിക്കാം എന്നതിനെക്കുറിച്ചും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും പരാമർശം (3) യോഗത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും വിശദമായി പരിശോധിച്ച് വിശദമായ പ്രൊപ്പോസൽ ഒരു മാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കുന്നതിനായി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പൊതുവിദ്യാഭ്യാസ ഡയറക്ടർ

ii. പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷ കേരള (എസ്.എസ്.എ)

iii. ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷ കേരള, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി., തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (03.07.2024 ലെ E-2602708/EDN-A2/365/2023-FIN പ്രകാരം)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Somaraj K G

Date: 18-07-2024 16:33:59

സെക്ഷൻ ഓഫീസർ

പകർപ്പ് : പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്